21 (*441) **അനധികൃത കെട്ടിടനിർമ്മാണം റഗുലറൈസ് ചെയ്യാൻ നടപടി**

ശ്രീ. നാലകത്ത് സൂപ്പി :

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടനിർമ്മാണ നിയമത്തിന് വിരുദ്ധമായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ റഗുലറൈസ് ചെയ്യുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കേരളാ പഞ്ചായത്തീ രാജ് ആക്ട് സെക്ഷൻ 235 എ, ബി എന്നു മുതലാണ് നടപ്പിൽവരുന്നത് എന്നറിയിക്കുമോ;

(സി) സെക്ഷൻ 235 എ, ബി-യ്ക്ക് വിരുദ്ധമായ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ റഗുലറൈസ് ചെയ്യുവാൻ ഉത്തരവിൽ വ്യവസ്ഥയുണ്ടോ;

(ഡി) 220 ബി. ക്ക് വിരുദ്ധമായ നിർമ്മാണ പ്രവർത്തനങ്ങൾ റഗുലറൈസ് ചെയ്യുവാൻ ഉത്തരവിൽ വ്യവസ്ഥയുണ്ടോ;

(ഇ) ഇല്ലെങ്കിൽ കാരണമെന്താണ് എന്നറിയിക്കുമോ;

(എഫ്) ഇവ റഗുലറൈസ് ചെയ്യുവാൻ ഉത്തരവ് പുറപ്പെടുവിക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) :

(എ) ഉണ്ട്.

(ബി) 1999 ഒക്ടോബർ ഒന്നാം തീയതി പ്രാബല്യത്തിൽവന്നു.

(സി) 235 എ,ബി. അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുവാൻ സർക്കാരിന് അധികാരം നൽകുന്ന വകുപ്പാണ്.

(ഡി) 235 എ.ബി. വകുപ്പിൽ വ്യവസ്ഥയുണ്ട്.

(ഇ)&(എഫ്) ചോദ്യം ഉദിക്കുന്നില്ല.

22 (*442) **അഗതികളായ സ്ത്രീകളേയും അനാഥരായ കുട്ടികളേയും സംരക്ഷിക്കുവാനുള്ള പദ്ധതികൾ**

ശ്രീ. വി.കെ. ചന്ദ്രൻ :

ശ്രീ. എ. അലിഹസ്സൻ :

ശ്രീ. ജോൺ ഫെർണാണ്ടസ് :

ശ്രീ. സി.കെ. രാജേന്ദ്രൻ :

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിവരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) അഗതികളായ സ്ത്രീകളെയും അനാഥരായ കുട്ടികളെയും സംരക്ഷിക്കുവാനുള്ള പദ്ധതികൾ ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ എവിടെയെങ്കിലും നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം നടത്തുന്നു എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) തൊഴിൽ ചെയ്യാൻ കഴിയുന്ന അനാഥരായ സ്ത്രീകൾക്ക് എന്തെങ്കിലും തൊഴിൽ ചെയ്തു ജീവിക്കുന്നതിനുള്ള പദ്ധതികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്ത് എല്ലാ താലൂക്കുകളിലും വൃദ്ധസദനങ്ങൾ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) സംസ്ഥാനത്ത് വൃദ്ധൻമാരും വൃദ്ധകളും സംരക്ഷകരില്ലാതെ തെരുവുകളിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇത്തരം വൃദ്ധരെയും വൃദ്ധകളെയും സർക്കാർ വക വൃദ്ധസദനങ്ങളിൽ താമസിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ജി) വൃദ്ധസദനങ്ങളിൽ താമസിക്കുന്ന അന്തേവാസികൾക്ക് ഭക്ഷണവും മരുന്നും മറ്റു വസ്ത്രങ്ങളും നൽകാൻ നടപടി സ്വീകരിക്കുമോ;

(എച്ച്) അതതു പ്രദേശങ്ങളിലെ വൃദ്ധസദനങ്ങളിലെ ചുമതല കോർപ്പറേഷൻ, മുനിസിപ്പൽ, പഞ്ചായത്ത് ഭരണസമിതികളെ ഏൽപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീമതി സുശീലാ ഗോപാലൻ</u>) :

(എ) അഗതികളായ സ്ത്രീകളുടേയും അനാഥരായ കുട്ടികളുടേയും സംരക്ഷണത്തിനായി താഴെപ്പറയുന്ന പദ്ധതികൾ സാമൂഹ്യക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്നു.

1. അഗതികളായ സ്ത്രീകളുടേയും കുട്ടികളുടേയും സംരക്ഷണത്തിനുവേണ്ടി പ്രവർത്തിക്കുന്ന വിവിധ ക്ഷേമ സ്ഥാപനങ്ങൾ.
2. അനാഥരായ കുട്ടികളുടെ സംരക്ഷണത്തിനുവേണ്ടി സംസ്ഥാനത്ത് വിവിധ സംഘടനകൾ നടത്തുന്ന 465 അനാഥാലയങ്ങളിലെ 44, 428 അന്തേവാസികൾക്ക് സംരക്ഷണ ചെലവ് അനുവദിക്കുന്നു.
3. ഉപേക്ഷിക്കപ്പെട്ട കുട്ടികളെ ജുവനൈൽ ഹോമുകളിൽ സംരക്ഷിക്കുന്നു.

(ബി) അഗതികളായ സ്ത്രീകളുടേയും അനാഥരായ കുട്ടികളുടേയും സംരക്ഷണത്തിനായുള്ള സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി† കൊടുത്തിരിക്കുന്നു.

(സി) കുടുംബവർഷിക വരുമാനം 11400/- രൂപയിൽ കവിയാത്ത കുടുംബങ്ങളിലെ സ്ത്രീകളെ ഉൾപ്പെടുത്തി ചെറുകിട കച്ചവടങ്ങൾ നടത്തുന്നതിന് ഒരാൾക്ക് 2000 രൂപ ധനസഹായം നൽകുന്ന ഒരു പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് പദ്ധതിയിപ്പോൾ നടപ്പിലാക്കുന്നത്. ഇതു കൂടാതെ ഈ വകുപ്പിന്റെ കീഴിലുള്ള സ്ത്രീകൾക്കുള്ള ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുള്ള ഒരു പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

---

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സാമൂഹ്യക്ഷേമ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്)ശ്രദ്ധയിൽപ്പെടാൻ നടപടി സ്വീകരിക്കുന്നതാണ്.

(ജി) വൃദ്ധസദനങ്ങളിൽ താമസിക്കുന്ന അന്തേവാസികൾക്ക് സംര ക്ഷണ ചെലവായി പ്രതിമാസം 250 രൂപയും, വസ്ത്രം, കിടക്ക, മരുന്ന് എന്നി വയ്ക്കായി പ്രതിവർഷം 200 രൂപയും നല്കി വരുന്നുണ്ട്.

(എച്ച്) അധികാര വികേന്ദ്രീകരണത്തെ തുടർന്ന് വൃദ്ധസദനങ്ങളുടെ ഭരണ ചുമതല തിരുവനന്തപുരത്തുള്ള കെയർ ഹോം ഒഴികെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. വാടകയ്ക്ക് സൗകര്യപ്രദമായ കെട്ടിടം ലഭിക്കാത്തതിനാൽ പത്തനംതിട്ട ജില്ലയിൽ വൃദ്ധസദനം പ്രവർത്തിച്ചു തുട ങ്ങിയിട്ടില്ല.

23 (*443) വ്യാജ കൈത്തറി സംഘങ്ങൾ കണ്ടെത്തുവാനുള്ള സർവേ

ശ്രീ. ജോണി നെല്ലൂർ :

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി സഹകരണ സംഘങ്ങളെ സംബന്ധിച്ച് അന്വേ ഷണം നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരള ഹൈക്കോടതിയിൽ 1996-ൽ ആരെങ്കിലും റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ടോ;

(ബി) ആരാണ് ഹൈക്കോടതിയിൽ റിട്ട് അപ്പീൽ ഫയൽ ചെയ്തത്;

(സി) ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) കോടതി വിധിയെത്തുടർന്ന് വ്യാജ കൈത്തറി സംഘങ്ങൾ കണ്ടെത്തുവാനുള്ള സർവ്വേ സർക്കാർ നടത്തിയിട്ടുണ്ടോ;

(ഇ) തിരുവനന്തപുരം ജില്ലയിലെ വ്യാജ കൈത്തറി സംഘങ്ങൾ കണ്ടെത്താനുള്ള സർവേ നിറുത്തിവയ്ക്കാൻ സർക്കാർ ഉത്തരവ് നൽകിയതി ന്റെ കാരണമെന്ത്;

(എഫ്)ആരുടെ ആവശ്യപ്രകാരമാണ് ഇപ്രകാരം ഉത്തരവ് നൽകിയ തെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ)&(ബി) കൈത്തറി സഹകരണ സംഘങ്ങളെ സംബന്ധിച്ച് അന്വേ ഷണം നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരള ഹൈക്കോടതിയിൽ 1996-ൽ റിട്ട്പെറ്റീഷൻ ഫയൽ ചെയ്തയായി സർക്കാരിന് നോട്ടീസ് ലഭിച്ചിട്ടില്ല.

(സി) ഇതു സംബന്ധിച്ച് ഹൈക്കോടതി വിധിയുണ്ടായതായി രേഖ കൾ ലഭിച്ചിട്ടില്ല.

(ഡി) കോടതി വിധിയുടെ അടിസ്ഥാനത്തിൽ സർവ്വേ നടത്താൻ നടപടികൾ കൈക്കൊണ്ടിട്ടില്ല. എങ്കിലും കൈത്തറി സർവ്വേ നടത്തുന്നതിന് 97-98-ൽ നടപടികൾ സ്വീകരിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

13-3-2000 ത്തിലെ ചോദ്യം 9 (*429) ന്റെ ഉത്തരം കാണുക

കൃഷിനാശത്തിന് 1999-2000 വർഷത്തിൽ ഫണ്ട് അനുവദിച്ചതിന്റെ കണക്ക്

ജില്ല	അലോട്ടു ചെയ്ത തുക (ലക്ഷത്തിൽ)
തിരുവനന്തപുരം	79.75
കൊല്ലം	32.79
പത്തനംതിട്ട	25.00
ആലപ്പുഴ	50.00
ഇടുക്കി	10.00
കോട്ടയം	13.54
എറണാകുളം	10.30
തൃശൂർ	10.00
പാലക്കാട്	25.00
മലപ്പുറം	49.19
കോഴിക്കോട്	17.00
വയനാട്	5.00
കണ്ണൂർ	5.00
കാസർഗോഡ്	5.85

അനുബന്ധം V

13-3-2000 ത്തിലെ ചോദ്യം 22 (*442) ന്റെ ഉത്തരം കാണുക

1. മഹിളാ മന്ദിരങ്ങൾ

വയനാട്, ഇടുക്കി എന്നീ ജില്ലകൾ ഒഴികെയുള്ള ജില്ലകളിൽ മഹിളാ മന്ദിരങ്ങൾ പ്രവർത്തിച്ചുവരുന്നു. അഗതികളായ സ്ത്രീകളെയും അവരുടെ 6 വയസ്സുവരെ പ്രായമുള്ള കുട്ടികളെയും ഇവിടെ സംരക്ഷിക്കുന്നു.

2. ആഫ്റ്റർ കെയർ ഹോം ഫോർ അഡോളസെന്റ് ഫീമെയിൽ

14 വയസ്സിനും 23 വയസ്സിനും മദ്ധ്യേ പ്രായമുള്ള സ്ത്രീകളുടെ സംരക്ഷണത്തിനുവേണ്ടി കൊല്ലത്തും, കോഴിക്കോട്ടും ഓരോ ആഫ്റ്റർ കെയർ ഹോമുകൾ പ്രവർത്തിച്ചുവരുന്നു.

3. ഷോർട്ട് സ്റ്റേ ഹോം

വൈവാഹിക ബന്ധങ്ങളിൽ ഉണ്ടാകുന്ന താളപ്പിഴകൾമൂലം വൈഷമ്യം അനുഭവിക്കുന്ന സ്ത്രീകളുടെ താല്ക്കാലിക സംരക്ഷണത്തിനായി കോഴിക്കോടു ജില്ലയിൽ ഒരു ഷോർട്ട് സ്റ്റേ ഹോം പ്രവർത്തിക്കുന്നു.

4. വനിതാ വികലാംഗ സദനം

അഗതികളും വികലാംഗരുമായ സ്ത്രീകളുടെ സംരക്ഷണത്തിനായി തിരുവനന്തപുരം എറണാകുളം ജില്ലകളിൽ ഓരോ വനിതാ വികലാംഗ സദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

5. ആശ്രാഭവൻ

മാനസിക രോഗം ഭേദമായവരും ബന്ധുക്കളാരും സ്വീകരിക്കുവാനായി ഇല്ലാത്തവരുമായ സ്ത്രീകളുടെ ക്ഷേമത്തിനുവേണ്ടി തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ ഓരോ ആശ്രാഭവനുകൾ പ്രവർത്തിക്കുന്നു.

കുട്ടികൾക്കു വേണ്ടിയുള്ള സ്ഥാപനങ്ങൾ

1. ചിൽഡ്രൻസ് ഹോം, നൂറനാട്

കുഷ്ഠരോഗികളായ രക്ഷകർത്താക്കളുടെ കുഞ്ഞുങ്ങളുടെ സംരക്ഷണം, വിദ്യാഭ്യാസം, ക്ഷേമം, പുനരധിവാസം എന്നിവ ലക്ഷ്യമാക്കി ക്കൊണ്ട് ഈ സ്ഥാപനം പ്രവർത്തിക്കുന്നു.

2. വികലാംഗ സദനങ്ങൾ

കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, തളിപ്പറമ്പ് എന്നിവിടങ്ങളിൽ ഓരോ ബാലവികലാംഗ സദനങ്ങൾ പ്രവർത്തിച്ചുവരുന്നു. 4 വയസ്സിനും 16 വയസ്സിനും മദ്ധ്യ പ്രായമുള്ള വികലാംഗരായ കുട്ടികളെ സംരക്ഷിക്കുവാ നുള്ള സ്ഥാപനമാണിത്.

ജുവനൈൽ ഹോമുകൾ

ഉപേക്ഷിക്കപ്പെട്ട 16 വയസ്സുവരെയുള്ള ആൺകുട്ടികളെയും 18 വയസ്സ് വരെയുള്ള പെൺകുട്ടികളെയും താമസിപ്പിക്കുന്ന സ്ഥാപനമാണിത്. സംസ്ഥാ നത്ത് തിരുവനന്തപുരം, കൊല്ലം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്(2 എണ്ണം) എന്നീ സ്ഥലങ്ങളിലാണ് ജുവനൈൽ ഹോമുകൾ പ്രവർത്തിക്കുന്നത്. ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ ബാലസദനങ്ങളും പ്രവർത്തിച്ചു വരുന്നുണ്ട്.

അനുബന്ധം VI

13-3-2000 ത്തിലെ ചോദ്യം 30 (*450) ന്റെ ഉത്തരം കാണുക

1. The awards of the state Finance Commissions cannot be used as a SOLE basis for determining the quantum of devolution, but the actual extent of decentralisation attempted by a State Government should be used as the determining criteria. Specifically, the Eleventh Finance Commission should consider the progress achieved by a state in actually clothing the local bodies with powers under Articles 243 W of the Constitution read with schedules Eleven and Twelve.

2. 10% of the total divisible pool of taxes of the centre should be additionally kept aside for the local bodies to meet the constitutional obligation of the Centre (the first tier) to the local bodies (the third tier) in the wake of the 73rd and 74th amendments to the constitution.

3. The Fiscal transfers from the centre to each state should be on the basis of the following :

   i. The resources requirements arising from transfer of developmental and maintenance responsibilities by each state to its panchayats and Municipal Bodies.

LIBRARY ARCHIVES Kerala Legislative Assembly